**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - ശ്രീ. ടി.കെ. ഗോപിനാഥൻ നായർ, മുൻ പാലക്കാട് ജില്ലാ പഞ്ചായത്ത് ഓഫീസർ - സസ്പെൻഷൻ കാലയളവ് ക്രമവത്ക്കരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

================================================================

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം.1244/2017/തസ്വഭവ　　　　തീയതി, തിരുവനന്തപുരം, 19.04.2017

================================================================

പരാമർശം: 1. പഞ്ചായത്ത് ഡയറക്ടറുടെ 21.05.2012-ലെ ഡി4-16738/94 നമ്പർ കത്ത്
2. സ.ഉ. (സാധാ) നം.4566/04/തസ്വഭവ തീയതി 20.12.2004

**ഉത്തരവ്**

ശ്രീ. ടി.കെ. ഗോപിനാഥൻ നായർ പാലക്കാട് ജില്ലാ പഞ്ചായത്ത് ഓഫീസറായിരിക്കെ നടത്തിയ ക്രമക്കേടുകൾ സംബന്ധിച്ച് സ്വീകരിച്ചു വന്ന അച്ചടക്ക നടപടി പരാമർശം (2) പ്രകാരം തീർപ്പാക്കി ഉത്തരവായിട്ടുള്ള സാഹചര്യത്തിൽ ടിയാന്റെ സസ്പെൻഷൻ കാലയളവുകൾ ചുവടെ ചേർക്കുംപ്രകാരം ക്രമീകരിച്ച് ഉത്തരവാകുന്നു.

1. ശ്രീ. ഗോപിനാഥൻ നായരുടെ 01.06.1994 മുതൽ 09.02.1995 വരെയുള്ള സസ്പെൻഷൻ കാലയളവ്, പ്രസ്തുത കാലയളവിലെ ശമ്പളവും അലവൻസുകളും ഉപജീവനബത്തയിൽ പരിമിതപ്പെടുത്തി പെൻഷനുമാത്രം ഡ്യൂട്ടിയായി പരിഗണിക്കുന്നതും 10.02.1995 മുതൽ ജോലിയിൽ തിരികെ പ്രവേശിച്ചതുവരെയുള്ള കാലയളവ് കെ.എസ്.ആർ. ഭാഗം 1 ചട്ടം 56 (ബി) (9) ന് താഴെയുള്ള കുറിപ്പ് 2 പ്രകാരം പ്രവേശന കാലമായോ, അർഹമായ അവധിയായോ ഇവ രണ്ടുമായോ ക്രമീകരിക്കാവുന്നതാണ്.
2. ശ്രീ. ഗോപിനാഥൻ നായരുടെ 29.05.1995 മുതൽ 31.05.1995 (വിരമിക്കൽ തീയതി) വരെയുള്ള സസ്പെൻഷൻ കാലയളവ്, പ്രസ്തുത കാലയളവിലെ ശമ്പളവും അലവൻസുകളും ഉപജീവനബത്തയിൽ പരിമിതപ്പെടുത്തി പെൻഷനു മാത്രം ഡ്യൂട്ടിയായി ക്രമീകരിക്കുന്നു.

പഞ്ചായത്ത് ഡയറക്ടർ ഇക്കാര്യത്തിൽ അനന്തര നടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**എസ്. മോഹൻദാസ്**
**ജോയിന്റ് സെക്രട്ടറി**

1. ശ്രീ. ടി.കെ. ഗോപിനാഥൻ നായർ, മുൻ പാലക്കാട് ജില്ലാ പഞ്ചായത്ത് ഓഫീസർ (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)
2. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
3. അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ
4. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്

(മറുപുറം.......)

5. ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം
6. വെബ് & ന്യൂ മീഡിയ, സൗത്ത് ബ്ലോക്ക്, ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം
7. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.31201/ഇപിബി3/2012/തസ്വഭവ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ